11.04 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. റ്റി. വി. രാജേഷ് ഇവിടെ പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പറഞ്ഞ കാര്യങ്ങൾ തികച്ചും ന്യായമാണ്. പക്ഷെ, ഇവർ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെങ്കിൽ കേരള പിന്നോക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ട് വേണം. പിന്നോക്കസമുദായ വിഭാഗ കമ്മീഷൻ കിർത്താഡ്സിൽ നിന്നുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. കിർത്താഡ്സിന്റെ റിപ്പോർട്ട് കിട്ടിയിട്ടില്ല. ഈ പ്രശ്നം സഭയിൽ ഉന്നയിച്ച സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ട് കിർത്താഡ്സിന്റെയും പിന്നോക്കവിഭാഗ കമ്മീഷന്റെയും റിപ്പോർട്ട് എത്രയുംവേഗം നല്കുന്നതിനുള്ള നടപടി സ്വീകരിക്കും. റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ ഇതുസംബന്ധിച്ച് തീരുമാനമെടുക്കുമെന്ന് ഉറപ്പു നല്കുന്നു.

6. ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക ലാപ്സാകുന്നത് സംബന്ധിച്ച്

11.05 AM]

ശ്രീ. വി. ശശി: സർ, Scheduled Castes/Scheduled Tribes prevention of Atrocities Act, 1989-ന്റെ റൂൾ 1995-ൽ നിലവിൽ വന്നു. പട്ടികജാതി-പട്ടികവിഭാഗക്കാരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയാണ് ഈ നിയമംകൊണ്ട് കേന്ദ്രസർക്കാർ ലക്ഷ്യമാക്കിയിട്ടുള്ളത്. ഈ നിയമം കേരളത്തിൽ നടപ്പാക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നു എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിൽ നടക്കുന്ന atrocities-നെ സംബന്ധിച്ചുള്ള കണക്കുകൾ, പല എം.എൽ.എ.-മാരും നിയമസഭയിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയിൽനിന്ന് മറുപടി ലഭിച്ചിട്ടുണ്ട്. അതിലെല്ലാമുള്ള സൂചന Atrocities Act പ്രകാരമുള്ള ധാരാളം കേസുകളുണ്ടാകുന്നു, അതിന്മേൽ നടപടികൾ വരുന്നു എന്നൊക്കെയാണ്. എന്നാൽ 1995-ലെ നിയമപ്രകാരം കേന്ദ്രസർക്കാർ നടപ്പാക്കിവരുന്ന പദ്ധതിപ്രകാരം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളും പരിപാടികളും വളരെ ദയനീയമായ അവസ്ഥയിലാണെന്ന് സൂചിപ്പിക്കാതിരിക്കുവാൻ നിർവ്വാഹമില്ല. 2013-14-ൽ 30 കോടി രൂപയാണ് Centrally Sponsored Scheme-നുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത്. എന്നാൽ 6.76 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. കേന്ദ്രസർക്കാരിൽനിന്ന് 10 പൈസപോലും വാങ്ങിയെടുക്കാൻ സംസ്ഥാന സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നതാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 2014-15-ലും സംസ്ഥാന സർക്കാർ ഇതേ രീതിയിൽ വീഴ്ച വരുത്തിയിരിക്കുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് മിശ്രവിവാഹിതർക്ക് ധനസഹായം കൊടുക്കുന്ന പദ്ധതിക്കുടി ഈ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ സെൻട്രൽ ഗവൺമെന്റ് സ്കീമിൽ മിശ്രവിവാഹിതർക്ക് ധനസഹായം നല്കുന്ന വിഷയം ഉൾപ്പെടുത്തിയിട്ടില്ല.

മി. ചെയർമാൻ: .....പ്ലീസ്..... കൺക്ലൂഡ്

ശ്രീ. വി. ശശി: സർ, അതുകൊണ്ട് കേന്ദ്രസർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നുണ്ടോ എന്ന് അങ്ങ് ഉറപ്പുവരുത്തേണ്ടതാണ്. അതുപോലെ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി നിയമാനുസൃതം നടക്കുന്നില്ല; ബോധവൽക്കരണ പരിപാടികളും നടക്കുന്നില്ല. പോലീസുദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കുംകുടി ബോധവൽക്കരണ പരിപാടി നടത്തുന്നതിനുള്ള ശ്രമം അങ്ങ് നടത്തണം. ഫണ്ട് ലാപ്സാകുന്ന കാര്യം വിശദമായി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കണം.

11.08 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം 1989, പൗരാവകാശ സംരക്ഷണനിയമം 1965 എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പ് നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിക്രമം തടയൽ നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സ്വീകരിച്ച നടപടികൾ മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. അതിക്രമം തടയൽ നിയമപ്രകാരമുള്ള കേസുകളുടെ പുരോഗതി വിലയിരുത്തുന്നതിനും അതിക്രമത്തിന് ഇരയാകുന്നവർക്ക് ധനസഹായം അനുവദിക്കുന്നതിനും സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതലത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളുമുണ്ട്. അതിക്രമം തടയൽ നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ 50% കേന്ദ്ര വിഹിതമാണ്. അതിക്രമത്തിന് ഇരയായവർക്കുള്ള ആനുകൂല്യവും പുനരധിവാസത്തിനുള്ള ധനസഹായവും ഈ തുകയിൽനിന്നാണ് ചെലവഴിക്കുന്നത്. പൗരാവകാശ സംരക്ഷണ നിയമപ്രകാരം മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 50,000 രൂപ ധനസഹായമായി അനുവദിക്കുന്നുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly

നല്കുന്നതിനുള്ള തുകകൂടി ഈ അക്കൗണ്ടിൽനിന്നാണ് ചെലവഴിച്ചത്. നിർദ്ധനരായ പട്ടികജാതി യുവതികൾക്കുള്ള വിവാഹ ധനസഹായ പദ്ധതികൂടി ഇതിൽ ഉൾപ്പെട്ടതുകൊണ്ടാണ് പ്രസ്തുത സാമ്പത്തികവർഷം വിവാഹ ധനസഹായത്തുക അതിൽനിന്ന് ചെലവഴിക്കേണ്ടിവന്നത്. മിശ്ര വിവാഹ ധനസഹായത്തിന് മുൻവർഷങ്ങളിൽ ലഭിച്ച ശരാശരി അപേക്ഷകൾ ആ വർഷവും ലഭിച്ചിരുന്നു. എന്നാൽ അതിക്രമം തടയൽ നിയമപ്രകാരം ലഭ്യമായ അപേക്ഷകളുടെ എണ്ണം കുറവായതുകൊണ്ടാണ് ആ ശീർഷകത്തിൽ ഫണ്ട് മുഴുവനും ചെലവഴിക്കാൻ സാധിക്കാതെപോയത്. അങ്ങിവിടെ പറഞ്ഞ കാര്യം പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. ഇതുസംബന്ധിച്ച ഫണ്ട് വിനിയോഗത്തിലും പ്രവർത്തനങ്ങൾ വിലയിരുത്തുന്ന കാര്യത്തിലും സജീവമായ ഇടപെടലുണ്ടായിട്ടുണ്ട്. അത് തുടർന്നും ഉണ്ടാകുന്നതാണ്.

<u>മി. ചെയർമാൻ</u> : സബ്മിഷൻ ചുരുക്കി അവതരിപ്പിക്കണമെന്ന് ചെയർ അഭ്യർത്ഥിച്ചിരുന്നു. എല്ലാം അംഗങ്ങളും സഹകരിക്കണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയാണ്.

7. സബ് കോടതി

11.10 AM]

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, അടൂരിൽ സബ് കോടതി അനുവദിക്കണമെന്ന ആവശ്യം നിയമസഭയിൽ രണ്ടാമത്തെ പ്രാവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, മുൻസിഫ് കോടതി എന്നിവ അടൂരിൽ നൂറ്റാണ്ടുകൾക്കുമുമ്പ് സ്ഥാപിതമായതാണ്. റവന്യൂ റിക്കാർഡ് പ്രകാരം കോടതിയുടെ പേരിൽ മൂന്നേക്കർ സ്ഥലമുണ്ട്. 2011-ൽ ഹൈക്കോടതി രജിസ്ട്രാറുടെ ഉത്തരവുപ്രകാരം പ്രയോറിറ്റി ലിസ്റ്റിൽ അടൂരിനെ പതിനൊന്നാമതായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിശാലമായതും ജനബാഹുല്യമുള്ളതുമായ അടൂർ താലൂക്കിന്റെ പരിധിയിൽ 15 വില്ലേജുകൾ, ഒരു മുനിസിപ്പാലിറ്റി, 4 പോലീസ് സ്റ്റേഷനുകൾ എന്നിവ ഉൾപ്പെടുന്നുണ്ട്. അടൂർ മുൻസിഫ് കോടതിയിൽനിന്നും പത്തനംതിട്ട ജില്ലാ കോടതിയിൽ അപ്പീൽ ബോധിപ്പിച്ച് വാദം കേൾക്കുന്ന എല്ലാ കേസുകളും അടൂരിൽ സബ് കോടതി അനുവദിച്ചാൽ അവിടെത്തന്നെ തീർപ്പാക്കാൻ കഴിയും. സബ് കോടതി അസിസ്റ്റന്റ് സെഷൻസ് കോടതി ആയതിനാൽ 10 വർഷംവരെ കേസുകളെല്ലാം അടൂരിൽ വിചാരണ നടത്തുവാനും അടൂർ താലൂക്കിലെ ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ടുള്ള നിരവധി എൽ.എ.ആർ.

LIBRARY ARCHIVES Kerala Legislative Assembly